(സി) ദിവസവേതനക്കാരായ എത്ര തൊഴിലാളികളാണ് ഇപ്പോൾ ഗവൺമെന്റ് ഫാമുകളിൽ ജോലിചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഓരോ ഫാമുകളിലേക്കും അനുവദിച്ച സ്ഥിരം തൊഴിലാളികളുടെ എണ്ണം എത്ര എന്ന വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

മലപ്പുറം ജില്ലയിലെ സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്ത കോഴിക്കുഞ്ഞുങ്ങൾ

78 (2556) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികൾക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ എത്ര കോഴിക്കുഞ്ഞുങ്ങളെ വിതരണം നടത്താനുദ്ദേശിക്കുന്നുഎന്നും, ഇതിനകം എത്ര വിതരണം നടത്തിയെന്നും, എന്തുതുക ഇതിനായി ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ;

(സി) ഇതിനായി സ്കൂളുകളെയും കുട്ടികളെയും തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(ഡി) മലപ്പുറം ജില്ലയിൽ ഇവ വിതരണം നടത്തിയതിന്റെ മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആകെ 50000 സ്കൂൾ കുട്ടികൾക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം നടത്താനാണുദ്ദേശിക്കുന്നത്, 4051 കുട്ടികൾക്ക് 12153 കോഴികളെ വിതരണം നടത്തിക്കഴിഞ്ഞു. ഇതിനായി 14.03 ലക്ഷം രൂപ ചെലവഴിച്ചു.

(സി) പത്രമാധ്യമങ്ങൾ മുഖേന പരസ്യം നൽകി സ്കൂളുകളുടെ അപേക്ഷകൾ ക്ഷണിക്കുന്നു. സംസ്ഥാനത്തെ (സർക്കാർ, എയ്ഡഡ്) സ്കൂളുകളിലെ ഹൈസ്കൂൾ വിഭാഗത്തിൽനിന്നും 8, 9 ക്ലാസുകളിലേയും അപ്പർ പ്രൈമറി വിഭാഗത്തിൽനിന്നും 6, 7 ക്ലാസ്സുകളിലേയും കുട്ടികളെയാണ് ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുന്നത് ; പിന്നോക്ക പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് മുൻഗണന നൽകുന്നുണ്ട്. സ്കൂളിന്റെ മേധികാരിയും അദ്ധ്യാപക-രക്ഷകർതൃ സംഘടനയുടെ പ്രതിനിധിയും പ്രദേശത്തെ പൗൾട്രി വികസന കോർപ്പറേഷന്റെ പ്രോഗ്രാം കോ-ഓർഡിനേറ്ററും അടങ്ങുന്ന കമ്മിറ്റിയാണ് ഈ പദ്ധതി അവലോകനം ചെയ്യുന്നത്. സ്കൂൾ അധികൃതരും അദ്ധ്യാപക രക്ഷാകർതൃ സംഘടനയും ചേർന്നാണ് കുട്ടികളുടെ തെരഞ്ഞെടുക്കുന്നത്.

(ഡി) മലപ്പുറം ജില്ലയിലെ സ്കൂളുകളിൽ ഇവ വിതരണം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly